**കേരളസർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം കാഞ്ഞിരപ്പള്ളി മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ സമർപ്പിച്ച അപ്പീൽ റിവ്യൂ പെറ്റീഷൻ തീർപ്പാക്കുന്നു - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സ.ഉ(സാധാ) നമ്പർ. 3560/2012/തസ്വഭവ, തിരുവനന്തപുരം,തീയതി, 22.12.2012**

---

പരാമർശം:-1. കോട്ടയം ജില്ലാ കളക്ടറുടെ 29.10.2008ലെ ഡി3-3856/08/എസ്റ്റാ. നമ്പർ ഉത്തരവ്

2. കോട്ടയം ജില്ലാ കളക്ടറുടെ 17.01.2009ലെ ഡി3/3856/2008 നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റപത്രവും.
3. കോട്ടയം ജില്ലാ കളക്ടറുടെ 31.07.2009ലെ ഡി3/3856/2008 നമ്പർ ഉത്തരവ്.
4. 21.08.2009ൽ ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
5. ഗ്രാമവികസന കമ്മീഷണറുടെ 20.01.2011ലെ 35099/എസ്റ്റാ.എ2/09/സിആർഡി നമ്പർ കത്ത്.
6. സർക്കാരിന്റെ 01.03.2011ലെ 54067/ഇആർബി3/09/തസ്വഭവ നമ്പർ കത്ത്.
7. ഗ്രാമവികസന കമ്മീഷണറുടെ 24.03.2012ലെ 35099/എസ്റ്റാ.എ2/09/സിആർഡി നമ്പർ ഉത്തരവ്.
8. 27.04.2012ൽ ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ, ജി.ഇ.ഒ. സമർപ്പിച്ച അപ്പീൽ റിവ്യൂ പെറ്റീഷൻ.
9. ഗ്രാമവികസന കമ്മീഷണറുടെ 11.09.2012ലെ 14371/എസ്റ്റാ.എ2/12/സിആർഡി നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ കാഞ്ഞിരപ്പള്ളി ബ്ലോക്കിലെ എരുമേലി ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയി ജോലി നോക്കി വരവെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൻ കീഴിൽ ഭവന നിർമ്മാണത്തിന് സാമ്പത്തികാനുകൂല്യം അനുവദിക്കുന്നതിന് താഴ്ന്ന വരുമാനക്കാരായ, പട്ടികജാതി പട്ടിക വർഗ്ഗക്കാരടക്കമുള്ള ഗുണഭോക്താക്കളിൽ നിന്നും കൈക്കൂലി വാങ്ങിയതായി അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ടിയാനെ കോട്ടയം ജില്ലാ കളക്ടർ സസപെന്റു ചെയ്യുകയും പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റപത്രവും നൽകുകയും ചെയ്തു. തുടർന്ന് പരാമർശം 3 പ്രകാരം

ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു കൊണ്ടും അതിനൊപ്പം അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തിൽ തടഞ്ഞ് കൊണ്ടും ആരോപണ വിധേയമായ ഒരു കേസിൽ അധികം നൽകിയ തുക ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കി ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുന്നതിനും സസ്പെൻഷൻ കാലയളവ് അർദ്ധ വേതനാവധിയായി പരിഗണിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന് ശ്രീ.കെ.പി. മുഹമ്മദ് ഇസ്മയിൽ തന്റെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നും സഞ്ചിത ഫലത്തിൽ ഇൻക്രിമെന്റ് തടയുവാൻ കൈക്കൊണ്ട തീരുമാനം പുനഃപരിശോധിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം 4 പ്രകാരം സർക്കാരിന് അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. പരാ.മർശം 5 പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ, ശ്രീ.മുഹമ്മദ് ഇസ്മയിലിന്റെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നുള്ള ആവശ്യം അംഗീകരിക്കേണ്ടതില്ലെന്നും ടിയാന്റെ ലീവ് അക്കൗണ്ടിൽ 180 ലീവ് ബാക്കിയുണ്ടെന്നും ഇൻക്രിമെന്റ് സഞ്ചിത ഫലത്തിൽ തടഞ്ഞത് പുനഃപരിശോധിക്കേണ്ട ആവശ്യമില്ലെന്നും അറിയിക്കുകയുണ്ടായി. അതിനൊപ്പം സസ്പെൻഷൻ കാലയളവിൽ (29.10.2008 മുതൽ 30.07.2009 വരെ) 180 ദിവസം അർദ്ധ വേതനാവധിയായും ബാക്കി കാലയളവ് ശൂന്യവേതനാവധിയായും കണക്കാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

എന്നാൽ പരാമർശം 6 പ്രകാരം, ടിയാന്റെ അച്ചടക്ക നടപടി സ്വീകരിച്ചത് കോട്ടയം ജില്ലാ കളക്ടറായതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ യുക്തമായ തീരുമാനം കൈക്കൊള്ളാൻ സർക്കാർ ഗ്രാമവികസന കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു.

ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിലിന്റെ അപ്പീൽ അപേക്ഷ പരിഗണിച്ചും മാനുഷിക പരിഗണന നൽകിയും ടിയാന് നൽകിയിട്ടുള്ള മേജർ ശിക്ഷയായ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോട് കൂടി തടഞ്ഞ് വയ്ക്കൽ ലഘൂകരിച്ച്, സഞ്ചിത പ്രാബല്യമില്ലാതെ ഒരു ഇൻക്രിമെന്റ് തടഞ്ഞ് കൊണ്ട് ഭേദഗതി വരുത്തിയും ടിയാന്റെ സസ്പെൻഷൻ കാലം KSR Part I Rule 56(B) (7) പ്രകാരം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു കൊണ്ടും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ പരാമർശം 7 പ്രകാരം ഗ്രാമവികസന കമ്മീഷണർ തീർപ്പ് കൽപ്പിച്ച് ഉത്തരവായി.

എന്നാൽ ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ പരാമർശം 8 പ്രകാരം സമർപ്പിച്ച അപ്പീൽ റിവ്യൂ പെറ്റീഷനിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള യോഗ്യതാ കാലയളവ് വളരെ കുറവ് ആയതിനാൽ

സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിലിന്റെ കുറഞ്ഞ സർവ്വീസ് പരിഗണിച്ചും അനുതാപപൂർവ്വമായ സമീപനം സ്വീകരിച്ചു കൊണ്ടും ടിയാന്റെ സസ്പെൻഷൻ കാലയളവ് ഉപജീവനപ്പടിയിൽ പരിമിതപ്പെടുത്തിയിട്ടുള്ള ശമ്പളാനുകൂല്യങ്ങൾക്ക് മാത്രമായി അർഹതപ്പെടുത്തി കൊണ്ട് ചട്ടം 56 (B) ഉം 8ഉം (കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് I ) പ്രകാരം ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം 9 പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിലിനെതിരായ അച്ചടക്ക നടപടികൾ ലഘുശിക്ഷ നൽകി അവസാനിപ്പിച്ച സാഹചര്യത്തിൽ 29.10.2008 മുതൽ 30.07.2009 വരെയുള്ള സസ്പെൻഷൻ കാലയളവ്, ശമ്പളവും ബത്തകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി കൊണ്ട് മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും 31.07.2009 മുതൽ ഡ്യൂട്ടിയിൽ പുനഃപ്രവേശിച്ച തീയതി വരെയുള്ള ഇടവേള പ്രവേശന കാലമായോ അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 56 B (9) നു താഴെയുള്ള കുറിപ്പ് 2 പ്രകാരം ക്രമീകരിച്ചു കൊണ്ടും ടിയാൻ സമർപ്പിച്ച അപ്പീൽ റിവ്യൂ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണർ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.യു.രാജീവ്
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.പി.മുഹമ്മദ് ഇസ്മയിൽ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ